മിസ്റ്റർ കെ. പി. വള്ളോൻ.—ഈ കൊച്ചുരാന്തി എന്ന പേരു് ആദ്യമേയുള്ളതോ, അല്ലെങ്കിൽ സംരക്ഷണ ഡിപ്പാർട്ട്മെന്റു വന്നതിനു ശേഷം കൊടുത്തതോ?

രാമവമ്മതമ്പുരാൻ.—നിശ്ചയമില്ല.

മിസ്റ്റർ എം. കെ. രാമൻ—ഈ കൊച്ചുരാന്തി അധീനതരത്തിൽ പെട്ടവനോ വേറെ ഏതെങ്കിലും വർഗ്ഗത്തിൽ പെട്ടവനോ?

രാമവമ്മതമ്പുരാൻ—നിശ്ചയമില്ല.

മിസ്റ്റർ കെ. പി. വള്ളോൻ—ആരു സട്ടിഫൈ ചെയ്തിട്ടുള്ളതായിട്ടാണു് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതു്?

രാമവമ്മതമ്പുരാൻ.—അതൊന്നും റിപ്പോർട്ടിലില്ല.

മിസ്റ്റർ കെ. പി. വള്ളോൻ.—ആരാണു് ഈ വേലകാരക്കൊക്കെ മേലനേഷണം നടത്തുന്നതു്?

രാമവമ്മതമ്പുരാൻ.—ആരേയും വച്ചിട്ടില്ല.

Nandikara Colony.

120. മിസ്റ്റർ കെ. പി. വള്ളോൻ.—നന്തിക്കര കോളനിയിലുള്ള വീടെതു; ഈ വീടിന്റെ കൺട്രാക്ടു പണി ഏല്പിച്ചിരുന്നതു് ആരെയാണു്?

രാമവമ്മതമ്പുരാൻ.—നന്തിക്കര കോളനിയിൽ ശവമ്മെണ്ടു ചിലവിന്മേൽ പണിയിച്ച മൂന്നു വീടുകളും പറയർ താമസിക്കുന്ന അഞ്ചു കടിലുകളുമുണ്ടു്. വീടു പണിയുവാൻ ടി കോളനിയിലെ വാർഡനെയാണു് ഏല്പിച്ചിരിക്കുന്നതു്.

മിസ്റ്റർ കെ. പി. വള്ളോൻ.—അന്യ ആളുകൾ ഇല്ലാത്തതു കൊണ്ടാണോ വാർഡനെതന്നെ കൺട്രാക്ടു് ഏല്പിക്കുന്നതു്?

രാമവമ്മതമ്പുരാൻ:—നൊട്ടീസു് വേണം. ടെണ്ടർ വിളിച്ചിട്ടുണ്ടോ, ആളുണ്ടായിരുന്നോ എന്നു നിശ്ചയമില്ല.

മിസ്റ്റർ പോഷ്പറുലാൽഗോവർദ്ധനലാലൻ.—സാധാരണ എങ്ങനെ വേണമെന്നാണു് രൂൾ ഉള്ളതു്?

രാമവമ്മതമ്പുരാൻ.—ടെണ്ടർ വിളിച്ചു കൊടുക്കണമെന്നാണു് രൂൾ.

മിസ്റ്റർ പോഷ്പറുലാൽ ഗോവർദ്ധനലാലൻ.—സംരക്ഷകൻ ആ ഡിപ്പാർട്ട്മെന്റിലുള്ള കൺട്രാക്ടുകൾ ടെണ്ടർവിളിച്ചാണോ കൊടുത്തുവരുന്നതു്?

രാമവമ്മതമ്പുരാൻ—എല്ലാ ഡിപ്പാർട്ട്മെന്റിലേക്കും ഉള്ള രൂൾ ആണു് അതു്. ഇവിടെ വ്യത്യാസം ചെയ്യുന്നുണ്ടോ എന്നു നിശ്ചയമില്ല.

മിസ്റ്റർ പോഷ്പറുലാൽ ഗോവർദ്ധനലാലൻ.—ആരുംസിനു് വ്യത്യാസമായി ചെയ്യുന്നുണ്ടോ എന്നു് ശവമ്മേണ്ടു് അന്വേഷിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

രാമവമ്മതമ്പുരാൻ.—വ്യത്യാസം ചെയ്യുവാനാടയില്ല. ഗവ മ്മെണ്ടിനു സംശയമില്ലാത്തതുകൊണ്ടു് അനേഷിച്ചിട്ടില്ല.

മിസ്റ്റർ പോപ്പുറുലാൽ ഗോവർദ്ധനലാലൻ.—സംശയംതോന്നാതെ അനേഷിയ്ക്കുവാൻ അവകാശമുണ്ടോ?

രാമവമ്മതമ്പുരാൻ.—ഇല്ല.

മിസ്റ്റർ എം. കൃഷ്ണമേനോൻ.—ഇതിൽ നന്തിക്കര കാളനിയിൽ ഗവമ്മെണ്ടു ചിലവിനമേൽ പണയിച്ചു മൂന്നു വീടുകളും പറയർ താമസിയ്ക്കുന്ന അഞ്ചു കുടിലുകളുമുണ്ടു്. ഈ വീടുകൾ അക്കു താമസിയ്ക്കുവാൻ വേണ്ടിയുള്ളതാണു്?

രാമവമ്മതമ്പുരാൻ.—ഡിപ്രസ്ഡ് ക്ലാസിനു താമസിയ്ക്കുവാനായിട്ടാണു്.

മിസ്റ്റർ എം. കൃഷ്ണമേനോൻ.—പുലയക്കു താമസിയ്ക്കുവാനാണോ മൂന്നു വീടുകൾ പണിയിച്ചിട്ടുള്ളതു്?

രാമവമ്മതമ്പുരാൻ.—ആരു താമസിയ്ക്കുന്നുവെന്നു നിശ്ചയമില്ല.

മിസ്റ്റർ: എം. കൃഷ്ണമേനോൻ.—പുലയക്കു താമസിയ്ക്കുന്നതിനു വീടും, പറയക്കു താമസിയ്ക്കുന്നതിനു കുടിലും എന്നല്ലേ ഇതിൽനിന്നും ഉദ്ദേശിയ്ക്കേണ്ടതു.

രാമവമ്മതമ്പുരാൻ.—അങ്ങനെയൊന്നും ഉദ്ദേശിച്ചിട്ടില്ല.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—ഇതിൽ പറഞ്ഞിരിയ്ക്കുന്ന പറയർ എന്നുള്ള പേരു ശരിയാണോ?

രാമവമ്മതമ്പുരാൻ.—ഇവക്കു് വേറെ ഒരു പേരുള്ളതായി ഗവമ്മെണ്ടിനറിവില്ല.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—സെൻസസ്സു കാലത്തു് പറയർ എന്നുള്ള പേരു മാറി സാംബവർ എന്ന പേരു കൊടുത്തിട്ടുള്ളതു് ഗവമ്മെണ്ടിനറിയാമോ?

രാമവമ്മതമ്പുരാൻ.—അറിവില്ല. അങ്ങനെയുണ്ടെങ്കിൽ അതു മാറേണ്ടതാണു്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—അങ്ങനെമാറുവാൻ ദയവുണ്ടാകുമോ?

രാമവമ്മതമ്പുരാൻ.—വിരോധമില്ല; മാറാം.

മിസ്റ്റർ എം. കെ. രാമൻ.—ഈവാർഡനെ പണികൾ എല്ലാം ഏല്പിച്ചുകൊടുക്കുന്നതു് അധഃകൃത സംരക്ഷകൻ തന്നെയാണോ?

രാമവമ്മതമ്പുരാൻ.—അതേ.

മിസ്റ്റർ കെ. പി. വള്ളോൻ.—അതിലുള്ള ആദായം സംരക്ഷണ ഡിപ്പാർട്ടുമെണ്ടിലേയ്ക്കടുക്കുന്നുവോ അതോ കൺട്രാക്ടർമാർക്കു കൊടുക്കുന്നുവോ?

രാമവമ്മതമ്പുരാൻ.—ആദായം കിട്ടുന്ന പണിയാണെങ്കിൽ അതു് കൺട്രാക്ടുകാർക്കു കൊടുക്കും അല്ലാത്തതു് ഗവമ്മെണ്ടിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്നുംതന്നെ വേറെ ഏറ്റുപാടിനേൽ ചെയ്യും.

മിസ്റ്റർ കെ. പി. വള്ളോൻ.—എല്ലാംതന്നെ ഡിപ്പാർട്ട്മെണ്ടിൽനിന്നും ചെയ്യിച്ചാൽ പോരേ?

രാമവർമ്മതമ്പുരാൻ.—കൺടാക്ടുകാരെ പ്രോത്സാഹിപ്പിയ്ക്കുകയാണു് സാധാരണയായി ഗവമ്മെണ്ടു് ചെയ്യാറുപതിവുള്ളതു്. ആദായമുള്ളപക്ഷം കൺടാക്ടുകാരനു കൊടുക്കാനാണു് അവകാശമുള്ളതു്.

മിസ്റ്റർ കെ. പി. വള്ളോൻ.—അങ്ങിനെയാണെങ്കിൽ അതിലേയ്ക്കു വല്ല കണക്കുകളും വച്ചിട്ടുണ്ടോ?

രാമവർമ്മതമ്പുരാൻ.—അനേഷിച്ചില്ല. നോട്ടിസു വേണം.

മിസ്റ്റർ എം. കെ. രാമൻ.—കൺടാക്ടുകാരോടു് റിട്ടൺ എഗ്രിമെണ്ടു് എഴുതിവാങ്ങാറുണ്ടോ?

രാമവർമ്മതമ്പുരാൻ.—നിശ്ചയമില്ല, നോട്ടീസു വേണം. സാധാരണ ഇങ്ങിനെയാണു ചെയ്തുവരുന്നതു്.

മിസ്റ്റർ പോപ്പൂരുലാൽ ഗോവർദ്ധനലാലൻ.—ഈ പണിക്കു് എസ്റ്റിമേറു് തയ്യാറാക്കുന്നതു് ആരാണു്?

രാമവർമ്മതമ്പുരാൻ.—ഡിപ്പാർട്ട്മെണ്ടിൽനിന്നാണു്.

Compound Wall—Chalakkudi Colony—Names on.

121. മിസ്റ്റർ കെ. പി. വള്ളോൻ.—ചാലക്കുടി കോളനിയിൽ കഴിച്ചുകൊടുത്തിട്ടുള്ള കുളത്തിന്റെ മതിലിൽ M. R. Ry. വി. ആർ. രാമൻ ചോഹൻ, അധികൃത സംരക്ഷകൻ, M. R. Ry. സി. എം. ചാത്തു, കൺടാക്ടർ എന്നിങ്ങിനെ എഴുതിയിരിക്കുന്നതിന്റെ താല്പര്യമെന്തു്?

രാമവർമ്മതമ്പുരാൻ.—മതിലിൽ ഒന്നും എഴുതി കാണുന്നില്ല.

മിസ്റ്റർ കെ. പി. വള്ളോൻ.—ഇവിടെ പറഞ്ഞിട്ടുള്ള മറുപടി വാസ്തവമല്ല. വാസ്തവത്തിൽ ഞാൻ കണ്ടിട്ടുള്ളതാണു്. അതുകൊണ്ടു് ഇതിനെ സംബന്ധിച്ചു് പ്രത്യേകം ഗവമ്മെണ്ടിൽ നിന്നും അനേഷിച്ചു് ഒരു മറുപടി പറയുമോ?

മിസ്റ്റർ എം. കെ. രാമൻ.—എന്നാണു് ഗവമ്മെണ്ടു നോക്കിയതു്?

രാമവർമ്മതമ്പുരാൻ.—ഈ question കിട്ടിയപ്പോൾ.

മിസ്റ്റർ സി. എ. ഔസേപ്പു്—ഇതിൽ മതിലിൽ ഒന്നും എഴുതി കാണുന്നില്ല എന്നു പറഞ്ഞിരിക്കുന്നു. വല്ല കാണ്മൊണ്ടു വാളിലോ മറോ ഉണ്ടോ എന്നുള്ളതിനെപറ്റിയാണോ അനേഷിച്ചതു്?

രാമവർമ്മതമ്പുരാൻ.—കുളത്തിന്റെ മതിലിൽതന്നെയാണു്. ഇവിടെ കുളത്തിന്റെ മതിലിൽ ഇന്നവിധമെഴുതിയിരിയ്ക്കുന്നതിന്റെ താല്പര്യമെന്തെന്നുള്ള ചോദ്യത്തിനു് മതിലിൽ ഒന്നും എഴുതികാണുന്നില്ല എന്ന ഉത്തരം പറഞ്ഞിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly